**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2770** **24-02-2026 - ൽ മറുപടിയ്ക്ക്**

**തരൂർ മണ്ഡലത്തിലെ വനം വകുപ്പ് പദ്ധതികളുടെ ധനവിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | 2021 മുതൽ 2025 വരെയുള്ള കാലയളവിൽ തരൂർ മണ്ഡലത്തിൽ വനം വകുപ്പ് മുഖേന എത്ര രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | 2021 മുതൽ 2025 വരെയുള്ള കാലയളവിൽ തരൂർ മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു |
| (ബി) | 2016-2020 വർഷങ്ങളിൽ എത്ര രൂപയുടെ പദ്ധതികളാണ് വനം വകുപ്പ് തരൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | 2016 - 2020 വർഷങ്ങളിൽ വനം വകുപ്പ് തരൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| ക്രമ. നം. | വർഷം | പദ്ധതിയുടെ നടത്തിപ്പ് തുക (ലക്ഷത്തിൽ) | പദ്ധതി വിശദാംശങ്ങൾ |
|---|---|---|---|
| 1 | 2021–22 | 13.65 | ചൂലന്നൂർ സെക്ഷനിലെ വനാതിർത്തിയിൽ ജണ്ട (120 എണ്ണം) നിർമ്മാണത്തിനായി 7.44 ലക്ഷം രൂപ ചെലവഴിച്ചു.<br>ചൂലന്നൂർ മയിൽ സങ്കേതത്തിൽ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള വാച്ചർമാരെ നിയോഗിക്കൽ, കെട്ടിടത്തിന്റെ പരിപാലനം തുടങ്ങിയ പ്രവൃത്തികൾക്കായി 6.21 ലക്ഷം രൂപ ചെലവഴിച്ചു. |
| 2 | 2022–23 | 42.64 | ചൂലന്നൂർ സെക്ഷനിലെ വനാതിർത്തിയിൽ ജണ്ട (180 എണ്ണം) നിർമ്മാണത്തിനായി 12.06 ലക്ഷം രൂപ ചെലവഴിച്ചു.<br>സ്വാഭാവിക വന പുനഃസ്ഥാപന നയത്തിന്റെ ഭാഗമായി ഏകവിളത്തോട്ടങ്ങളുടെ നിർമ്മാർജ്ജനവും തദ്ദേശീയ ഇനം വൃക്ഷതൈകൾ വെച്ചുപിടിപ്പിക്കുന്നതിനായി 21.34 ലക്ഷം രൂപ ചെലവഴിച്ചു.<br>ചൂലന്നൂർ മയിൽ സങ്കേതത്തിൽ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള വാച്ചർമാരെ നിയോഗിക്കൽ, വനാഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, പ്രകൃതി പഠന ക്യാമ്പ് തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി 9.24 ലക്ഷം രൂപ ചെലവഴിച്ചു. |
| 3 | 2023–24 | 51.70 | ചൂലന്നൂർ സെക്ഷനിലെ വനാതിർത്തിയിൽ ജണ്ട (120 എണ്ണം) നിർമ്മാണത്തിനായി 9.30 ലക്ഷം രൂപ ചെലവഴിച്ചു.<br>ചൂലന്നൂർ മയിൽ സങ്കേതത്തിലെ മ്യൂസിയം നിർമ്മാണത്തിനായി 35.60 ലക്ഷം രൂപ ചെലവഴിച്ചു.<br>ചൂലന്നൂർ മയിൽ സങ്കേതത്തിൽ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള വാച്ചർമാരെ നിയോഗിക്കൽ, വനാഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി 6.80 ലക്ഷം രൂപ ചെലവഴിച്ചു. |
| 4 | 2024–25 | 6.46 | ചൂലന്നൂർ മയിൽ സങ്കേതത്തിൽ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള വാച്ചർമാരെ നിയോഗിക്കൽ, വനാഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി 6.46 ലക്ഷം രൂപ ചെലവഴിച്ചു |
| | **ആകെ** | 114.45 | |

അനുബന്ധം -2

| ക്രമ. നം. | വർഷം | പദ്ധതിയുടെ നടത്തിപ്പ് തുക (ലക്ഷത്തിൽ) | പദ്ധതി വിശദാംശങ്ങൾ |
|---|---|---|---|
| 1 | 2016-17 | 47.81 | ചൂലന്നൂർ സെക്ഷനിലെ വനാതിർത്തിയിൽ ജണ്ട (190 എണ്ണം) നിർമ്മാണത്തിനായി 8.17 ലക്ഷം രൂപ ചെലവഴിച്ചു. ചൂലന്നൂർ മയിൽ സങ്കേതത്തിൽ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള വാച്ചർമാരെ നിയോഗിക്കൽ, വനാഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, ട്രക്ക് പാത്ത്, റോഡ്, കെട്ടിടം, കുളം എന്നിവയുടെ പരിപാലനം പ്രകൃതി പഠന ക്യാമ്പ് തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി 39.64 ലക്ഷം രൂപ ചെലവഴിച്ചു. |
| 2 | 2017-18 | 44.41 | ചൂലന്നൂർ സെക്ഷനിലെ വനാതിർത്തിയിൽ ജണ്ട (680 എണ്ണം) നിർമ്മാണത്തിനായി 30.26 ലക്ഷം രൂപ ചെലവഴിച്ചു. ചൂലന്നൂർ മയിൽ സങ്കേതത്തിൽ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള വാച്ചർമാരെ നിയോഗിക്കൽ, കെട്ടിടങ്ങളുടെ പരിപാലനം, പ്രകൃതി പഠന ക്യാമ്പ് തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി 14.15 ലക്ഷം രൂപ ചെലവഴിച്ചു. |
| 3 | 2018-19 | 46.08 | ചൂലന്നൂർ സെക്ഷനിലെ വനാതിർത്തിയിൽ ജണ്ട (713 എണ്ണം) നിർമ്മാണത്തിനായി 32.66 ലക്ഷം രൂപ ചെലവഴിച്ചു. ചൂലന്നൂർ മയിൽ സങ്കേതത്തിൽ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള വാച്ചർമാരെ നിയോഗിക്കൽ, വനാഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, ട്രക്ക് പാത്ത് പരിപാലനം തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി 13.42 ലക്ഷം രൂപ ചെലവഴിച്ചു. |
| 4 | 2019-20 | 68.96 | ചൂലന്നൂർ സെക്ഷനിലെ വനാതിർത്തിയിൽ ജണ്ട (628 എണ്ണം) നിർമ്മാണത്തിനായി 33.22 ലക്ഷം രൂപ ചെലവഴിച്ചു. ചൂലന്നൂർ സെക്ഷനിലെ ചിറക്കോട്, പുതിയ Outpost കെട്ടിട നിർമ്മാണത്തിനായി 24.28 ലക്ഷം രൂപ ചെലവഴിച്ചു. ചൂലന്നൂർ മയിൽ സങ്കേതത്തിൽ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള വാച്ചർമാരെ നിയോഗിക്കൽ, വനാഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, ട്രക്ക് പാത്ത് പരിപാലനം തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി 11.46 ലക്ഷം രൂപ ചെലവഴിച്ചു. |
| 5 | 2020-21 | 46.75 | ചൂലന്നൂർ സെക്ഷനിലെ വനാതിർത്തിയിൽ ജണ്ട (513 എണ്ണം) നിർമ്മാണത്തിനായി 31.75 ലക്ഷം രൂപ ചെലവഴിച്ചു. ചൂലന്നൂർ മയിൽ സങ്കേതത്തിൽ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള വാച്ചർമാരെ നിയോഗിക്കൽ, വനാഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, ട്രക്ക് പാത്ത്, കെട്ടിടം, എന്നിവയുടെ പരിപാലനം തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി 15 ലക്ഷം രൂപ ചെലവഴിച്ചു. |
| | **ആകെ** | **254.01** | |